13/14 IT Sy Delay Stmt

# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4961

04.07.2012- ൽ മറുപടി
നൽകേണ്ടിയിരുന്നത്.

## എം എൻ. ലക്ഷം വീട് വിപുലീകരണ പദ്ധതി

**ചോദ്യം**

ശ്രീ. സി. ദിവാകരൻ:

**ഉത്തരം**

ശ്രീ.കെ.എം.മാണി.
(ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഭവന നിർമ്മാണ പദ്ധതികൾ നിലവിലുണ്ട് എന്നും അവ ഏതെല്ലാമാണെന്നും അവയുടെ പ്രവർത്തനം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ കീഴിൽ വീടും ഭൂമിയും അല്ലെങ്കിൽ വീടു മാത്രം നിർമ്മാണം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇവയിൽ ഭവന നിർമ്മാണ വകുപ്പിനെ സംബന്ധിച്ചു ള്ള വിവരങ്ങൾ ചുവടെ ചേർക്കു ന്നു.<br><br>1. <u>സുരക്ഷാ ഭവന പദ്ധതി-</u> സ്വന്തമായി 2 സെന്റ് ഭൂമിയെങ്കിലുമുള്ളവർക്ക് 1 ലക്ഷം രൂപ നിർമ്മാണചെലവുവരുന്ന വീടു നിർമ്മിക്കുന്നതിന് 25,000/-രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഗുണഭോക്താവിന്റ വിഹിതം 25,000/-രൂപയും, സന്നദ്ധ സംഘടന/തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം 50,000/- രൂപയുമാണ്. ഈ പദ്ധതിയിൽ 2908 ഭവനങ്ങൾ നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ബോർഡുവഴി ധനസഹായം നൽകിയിട്ടുള്ളതിൽ 2011-12 കാലയളവിൽ 414 ഭവനങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.<br>2. <u>എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി-</u><br>ഈ പദ്ധതി പ്രകാരം ഒരു വീടിന്റ പുനർനിർമ്മാണ ചെലവ് 1 ലക്ഷം രൂപയും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക ജനറൽ വിഭാഗത്തിന് 75,000/- പട്ടിക ജാതി വിഭാഗത്തിന് 1 ലക്ഷം, പട്ടികവർഗ്ഗ വിഭാഗത്തിന് 1,25,000/- രൂപയുമാണ്. സബ്സിഡി തുക ബോർഡുവഴി വിതരണം ചെയ്യുന്നു. 25 ച.മീ മുതൽ 50 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വീടുകളാണ് ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്നത്. ഈ പദ്ധതി പ്രകാരം 12405 വീടുകൾക്ക് അനുവാദം നൽകുകയും, 7943 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും, 6296 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. ഇതിനായി 51.91 കോടി രൂപ സർക്കാർ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. |

9. കവടിയാർ ഹൈറ്റ്സ് ഫ്ളാറ്റ് പദ്ധതി-

പാരസ്പര്യം ഭവന പദ്ധതി പ്രകാരം കവടിയാർ ഹൈറ്റ്സ് ഫ്ളാറ്റ് പദ്ധതി 10.34 കോടി അടങ്കൽ ചെലവിൽ 36 ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

മറ്റ് വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾ

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരിൽ ഭവന രഹിതരും, വാസയോഗ്യമല്ലാത്ത വീടുകളിൽ കഴിയുന്നവരുമായ കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ഫണ്ട്, കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, അടിയ പണിയ പാക്കേജ് പദ്ധതി, ആദിവാസി പുനരധിവാസ വികസന പദ്ധതി, പ്രത്യേക കേന്ദ്ര സഹായ പദ്ധതി, പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിനുള്ള വികസന പദ്ധതി എന്നീ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ സഹായം നൽകിവരുന്നു. ഓരോ ഗുണഭോക്താവിനും ഭവന നിർമ്മാണ ധനസഹായമായി 2.50 ലക്ഷം രൂപ ഗ്രാന്റായിട്ടാണ് നൽകി വരുന്നത്. ഊരുകൂട്ടം തിരഞ്ഞെടുക്കുന്ന ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് സീനിയോറിറ്റി പ്രകാരമാണ് ധനസഹായം നൽകുന്നത്.

പൊതുഭരണ (സൈനികക്ഷേമ) വകുപ്പ്

യുദ്ധത്തിൽ /സേവനത്തിനിടയിൽ മരിക്കുന്നവരുടെ ആശ്രിതർക്കും ശാരീരികാസ്വാസ്ഥ്യങ്ങൾ മൂലം സേവനം തുടരാൻ കഴിയാതെ പിരിച്ചയക്കപ്പെടുന്നവർക്കും നിബന്ധനകൾക്ക് വിധേയമായി 1 ലക്ഷം രൂപ ഭവന നിർമ്മാണത്തിനായി സൈനികക്ഷേമ വകുപ്പ് മുഖാന്തിരം സാമ്പത്തിക സഹായം നൽകുന്നു.

മത്സ്യബന്ധന തുറമുഖ വകുപ്പ്

ഫിഷറീസ് വകുപ്പിൽ ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി 2 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

മാതൃകാ മത്സ്യഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 11 മത്സ്യഗ്രാമങ്ങളിൽ ഓരോന്നിലും 284 വീടുകൾ വീതം ആകെ 3124 വീടുകൾ നിർമ്മിക്കുവാനുദ്ദേശിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ്

ഈ വകുപ്പ് മുഖാന്തിരം നടത്തി വരുന്ന ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ നിർവ്വഹണ കാലാവധി 31.03.2012- ൽ അവസാനിച്ചിരുന്നു.

ഇ.എം.എസ് ഭവന പദ്ധതിയ്ക്ക് പകരമായി പുതിയ ഭവന പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. എന്നാൽ 11.03.2013- ലെ സ. ഉ. (സാധാ) 83/13/തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തനത് ഭവന പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) എം.എൻ.ലക്ഷം വീട് വിപുലീകരണ പദ്ധതി പ്രകാരം ലക്ഷം വീടുകളുടെ നവീകരണത്തിന് എത്ര അപേക്ഷകൾ ലഭിച്ചു എന്നും എത്ര രൂപ വീതം നൽകി എന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

(ബി) എം. എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി പ്രകാരം 12,405 അപേക്ഷകളാണ് വിവിധ ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം ഭവന നിർമ്മാണ ബോർഡിന് ലഭിച്ചിട്ടുള്ളത്.

ദാരിദ്ര്യരേഖയിൽ താഴെയുള്ള ഗുണഭോക്താക്കൾക്ക് ജനറൽ, പട്ടിക ജാതി, പട്ടിക വർഗ്ഗം എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് യഥാക്രമം 75,000, 1,00,000, 1,25,000 വീതം സബ്സിഡിയായി നൽകി വരുന്നു. ഇതിനായി 51.91 കോടി രൂപ സർക്കാർ ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്.

പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്